SUNDAY 05.11.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ




## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) 05/11/202

1. കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉൽപാദനം, വിപണനം, മൂല്യ വർദ്ധനവ്, ആരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ക്യാമ്പയിൻ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ **പോഷക സമൃദ്ധി മിഷൻ** രൂപീകൃതമായിരിക്കുന്നു .പച്ചക്കറി,പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയുടെ ആവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക. പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക. പോഷക പ്രാധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉത്പാദനവും ഉപയോഗവും വ്യാപകമാക്കുക.പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉത്പാദനം ആരോഗ്യ സൂചികക്ക് അനുസൃതമായി വർദ്ധിപ്പിക്കുക. കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക. ഉത്തമ കൃഷി രീതികളിലൂടെയും ജൈവകൃഷി രീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുക. ഉൽപാദനം, വിപണനം, മൂല്യ വർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതികവിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക. പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നൽകി ജീവിതശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക. എന്നിവയാണ് മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ.

2. നാളികേര വികസന ബോർഡിന്റെ കീഴിൽ ആലുവ വാഴക്കുളത്ത് പ്രവർത്തിക്കുന്ന സി.ഡി.ബി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നാളികേരാധിഷ്ഠിത ഉൽപന്നങ്ങളുടെ വിവിധതരം പരിശീലന പരിപാടികൾ നടത്തിവരുന്നു. ഒരുദിവസം മുതൽ നാല് ദിവസം വരെ ദൈർഘ്യമുള്ള പരിശീലന പരിപാടികൾ ആണ് നടത്തപ്പെടുന്നത്. നാളികേര ചിപ്സ്, കുക്കീസ്, ചോക്ലേറ്റ്, സ്ക്വാഷ്, ചമ്മന്തിപ്പൊടി, അച്ചാർ, ബർഫി എന്നിങ്ങനെ വിവിധ ഉത്പന്നങ്ങളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. വിനാഗിരി, നാറ്റാ ഡി കൊക്കോ എന്നിവയ്ക്ക് ഏക ദിന പരിശീലനം ലഭ്യമാണ്., തെങ്ങിൻ പൊങ്ങിൽ നിന്നുള്ള ഉത്പന്നങ്ങൾ, നാളികേര ഐസ്ക്രീം എന്നിങ്ങനെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ടെക്നോളജി താല്പര്യമുള്ളവർക്ക് എടുക്കാവുന്നതാണ് . പരിശീലന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ലാസിന്റെ രജിസ്ട്രേഷൻ, ടെക്നോളജി ട്രാൻസ്ഫറിന്റെ വിവരങ്ങൾ, ഫീസ് എന്നീ വിവരങ്ങൾക്ക് 0484-2679680 എന്ന നമ്പറിൽ തിങ്കൾ - വെള്ളി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 5 മണിക്കുള്ളിൽ ബന്ധപ്പെടാവുന്നതാണ്. cit-aluva@coconutboard.gov.in എന്ന ഇമെയിലിലും ബന്ധപ്പെടാവുന്നതാണ്.

3. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരു മാസം പ്രായമായ തലശ്ശേരി നാടൻ ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങൾ, തീറ്റപ്പുൽതണ്ട് എന്നിവയുടെ വിപണനം ആരംഭിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 6282937809, 0466- 2912008, 2212279

4. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ ബി.വി380 ഇനത്തിൽപ്പെട്ട കോഴി കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വിൽപനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9400483754.

## പരിശീലന പരിപാടി

5. തിരുവല്ല മഞ്ഞാടി ഡക്ക് ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 7,8 തീയതിളിലായി മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ രാവിലെ 10 മണി മുതൽ 5 മണി വരെ നേരിട്ട് സൗജന്യ പരിശീലന ക്ലാസ്സ് നടത്തുന്നു. താല്പര്യമുള്ളവർ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9188522711, 0469-2965535

6. കേരള കാർഷിക സർവകലാശാല, നെല്ല് ഗവേഷണ കേന്ദ്രം, മങ്കൊമ്പ്, ആലപ്പുഴയിൽ നബാർഡ് ധന സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കൂൺ കർഷകർക്കായി പരിശീലന പരിപാടി സൗജന്യമായി 2023 നവംബർ 15 നും ഡിസംബർ 15 നും ഇടയിൽ നടത്തപ്പെടുന്നു. കൂൺ കൃഷി എന്നവിഷയത്തിൽ രണ്ടുദിവസത്തെയും, കൂൺ വിത്ല്പാദനം എന്നവിഷയത്തിൽ മൂന്നുദിവസത്തെയും പരിശീലനം നടത്തുന്നു. കൂൺ കൃഷിയിൽ കുറഞ്ഞത് രണ്ടു വർഷത്തെ പ്രായോഗിക പരിചയമുള്ള കർഷകർക്ക് കൂൺ വിത്ത് ഉൽപാദന പരിശീലന പരിപാടിയിൽ പങ്കെടുക്കാവുന്നതാണ്. പ്രായോഗിക പരിചയം തെളിയിക്കുന്നതിന് ബന്ധപ്പെട്ട കൃഷി ഓഫീസറിൽ നിന്നുമുള്ള സാക്ഷ്യപത്രം രജിസ്ട്രേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി 0477 2702245 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടേണ്ടതാണ്. ഇമെയിൽ: rrsmancompu@kau.in